*ബാബ അപരാഹനവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച്, 2004**

**2004 ഫെബ്രുവരി 27 – ലെയും മാർച്ച് 1 – ലെയും സംഭവങ്ങൾ**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 28B

*2004 ഫെബ്രുവരി 27-ന് സായി കുൽവന്ത് ഹാളിൽ സ്വാമിയുടെ മുമ്പാകെ വിദ്യാർത്ഥികൾ അഭിനയിച്ച പാന്റോമൈം(മൂകാഭിനയം) പ്രോഗ്രാമിനെക്കുറിച്ചുള്ള വിവരണം തുടരുന്നു:*

## നാല് ജാതികളും സമം

അടുത്ത ഉപാഖ്യാനത്തിൽ, ഒരു ആൺകുട്ടി അവിടെ നിന്നുകൊണ്ട് തന്റെ ചൂണ്ടുവിരൽ ശിരസ്സിനു മുകളിലായി വട്ടം കറക്കുന്നു. എന്നിട്ടവൻ അവന്റെ കൈകളിലേക്കും തോളുകളിലേക്കും ചൂണ്ടുന്നുണ്ട്. അവൻ അവന്റെ വയറിലേക്കും പാദങ്ങളിലേക്കും ചൂണ്ടുന്നു. ഒരിക്കൽക്കൂടി അവൻ അവന്റെ ശിരസ്സിലേക്ക്, തോളുകളിലേക്ക്, വയറിലേക്ക്, പാദങ്ങളിലേക്ക് ചൂണ്ടി.




"എന്താണ് ഇതെല്ലാം?"

ഒരു കുട്ടി എണീറ്റിട്ട് പറഞ്ഞു, "ഇത് വേദമന്ത്രത്തിന്റെ സന്ദേശമാണ്. ഹിന്ദുക്കളിൽ നാല് ജാതികളുണ്ട്: ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, പിന്നെ ശൂദ്രർ. ബ്രാഹ്മണർ ശിരസ്സിനെ പ്രതിനിധീകരിക്കുന്നു. ക്ഷത്രിയർ ഭുജങ്ങളെ പ്രതിനിധീകരിക്കുന്നു. വൈശ്യർ ഉദരത്തെ പ്രതിനിധീകരിക്കുന്നു. ശൂദ്രർ പാദങ്ങളെ പ്രതിനിധീകരിക്കുന്നു."

"അങ്ങനെ, ഇതാണ് ഈശ്വരന്റെ വിരാട് സ്വരൂപം, അതിൽ നാല് വർണങ്ങളും സമമാണ്. ആരുംതന്നെ മറ്റൊരാളേക്കാൾ ശ്രേഷ്ഠരല്ല. ശിരസ്സിനെ പ്രതിനിധീകരിക്കുന്ന ബ്രാഹ്മണർക്ക് അറിവ് പരത്തുന്ന ദൗത്യമാണ്. ഭുജങ്ങളെ പ്രതിനിധീകരിക്കുന്ന ക്ഷത്രിയർ സംരക്ഷണസേനയും പട്ടാളവുമാണ്. ഉദരത്തെ പ്രതിനിധീകരിക്കുന്ന വൈശ്യർ, കച്ചവടവും വാണിജ്യവും നോക്കുന്നു. പാദങ്ങളെ പ്രതിനിധീകരിക്കുന്ന ശൂദ്രർ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു."

അതുകൊണ്ട്, തൊഴിലിനെ, വ്യവഹാരത്തെ, ജോലിയെ, ചിത്തവൃത്തിയെ, മനോഭാവത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വർഗീകരണമാണ്-നിയമപ്രകാരം വിഭജിക്കപ്പെടേണ്ടിയിരുന്നവരല്ല. എന്നാൽ നിർഭാഗ്യവശാൽ, ഈ വർഗീകരണ സമ്പ്രദായത്തിന് രാഷ്ട്രീയതിരിവു വന്നു, അങ്ങനെ സമൂഹം പരസ്പരം പോരടിക്കുന്ന ജാതികളായി വിഭജിക്കപ്പെട്ടു. എന്നാൽ മൗലികമായി വേദങ്ങൾ പറഞ്ഞത് ഇത് കലർപ്പില്ലാതെ മനോഭാവം, തൊഴിൽ, ചിത്തവൃത്തി ഇവയെ ആധാരമാക്കിയാണെന്നും, ജനനത്തിന് ഇതിൽ കാര്യമൊന്നും ഇല്ലെന്നുമാണ്. ഇതാണ് ഭഗവത്ഗീത അരുളിയതും."

ഇപ്രകാരമായിരുന്നു കുട്ടികളിലൊരുവൻ വിശദമാക്കിയത്, അവന്റെ മറുപടി എല്ലാവർക്കും വളരെ ഇഷ്ടമായി.

## ഈശ്വരനിലേക്ക് തിരിയുക




അടുത്ത ഉപാഖ്യാനത്തിൽ, ഒരു ആൺകുട്ടി വന്ന് അവന്റെ **തള്ളവിരലും ചൂണ്ടുവിരലും ചേർത്ത് ഒരു വൃത്തമാക്കുന്നു. മറ്റേ കൈകൊണ്ട് അവൻ ഒരു താക്കോലിട്ട് തിരിക്കുന്നതായും തുറക്കുന്നതായും അഭിനയിക്കുന്നു.** ഇതായിരുന്നു നടനം. എന്താണിതിന്റെ പ്രസക്തി?

ഒരു വിദ്യാർത്ഥി എണീറ്റു പറഞ്ഞു, "തള്ളവിരലും ചൂണ്ടുവിരലും ചേർന്നുള്ള വൃത്തം ഒരു പൂട്ടല്ലാതെ മറ്റൊന്നുമല്ല. മറ്റേ

കൈ കൊണ്ട് തുറക്കുന്നതായി കാണിച്ചത് താക്കോലിനെയാണ്. അതുകൊണ്ട്, താഴ് എന്നത് ശരീരമാണ്, താക്കോൽ മനസ്സും. ഈ താക്കോൽ നിങ്ങൾ ലോകത്തിന്റെ വശത്തേക്ക് തിരിക്കുകയാണെങ്കിൽ, അത് ബന്ധനത്തിലാവും. നിങ്ങളത് മറുവശത്തേക്ക്, ഈശ്വരന്റെയടുത്തേക്കാണ് തിരിക്കുന്നതെങ്കിൽ, അത് തുറക്കുന്നു. ഒരേ താഴും ഒരേ താക്കോലുമാണ്. തിരിക്കുന്നതിൽ മാത്രമാണ് വ്യത്യാസം: ലോകത്തിന്റെ വശത്തേക്കാണ് തിരിക്കുന്നതെങ്കിൽ, ബന്ധനമാവും നിങ്ങൾക്ക് ലഭിക്കുക; ഈശ്വരന്റെയടുത്തേക്കാണ് തിരിക്കുന്നതെങ്കിൽ, നിങ്ങൾക്ക് മോക്ഷം ലഭിക്കും!"

## ശരീരം നശ്വരം

അടുത്ത ഉപാഖ്യാനത്തിൽ, ഒരു ആൺകുട്ടി, അവനെ കണ്ടാൽ ഒരു തപസ്വിയെപ്പോലെ തോന്നിക്കും, മുൻപിലായി നടക്കുന്നു. മറ്റൊരു ആൺകുട്ടി, വളരെ മെലിഞ്ഞതാണ്, ക്ഷീണിച്ച് വിറയ്ക്കുന്നുണ്ട്, ഈ തപസ്വിയെ തൊടാനിടയാകുന്നു.



ഈ മനുഷ്യൻ(തപസ്വി) വളരെ കോപിച്ച് പറയുന്നു, "ഇവിടെ നിന്ന് പോകൂ!" വിറയ്ക്കുകയായിരുന്ന ആ കുട്ടി, പെട്ടെന്ന് ശരീരത്തിലേക്കും നെഞ്ചിലേക്കും മാറി മാറി കൈചൂണ്ടുന്നു. പെട്ടെന്ന്, തപസ്വി ഈ വിറയ്ക്കുന്ന ചങ്ങാതിയുടെ പാദത്തിൽ വീഴുന്നു.

എന്താണിതിന്റെ സന്ദേശം?

ഒരു വിദ്യാർത്ഥി അവന്റെ കൈ ഉയർത്തിയിട്ട് മറുപടി പറയാൻ തുടങ്ങി, "ഇത് ശങ്കരാചാര്യരുടെ ജീവിതത്തിൽനിന്നുള്ള ഒരു സംഭവമാണ്. ഒരിക്കൽ ശങ്കരാചാര്യർ പ്രഭാതസ്നാനം കഴിഞ്ഞിട്ട് വരികയായിരുന്നു. എതിരെ വരികയായിരുന്ന അസ്പൃശ്യനായ ഒരു ചണ്ഡാലൻ ശങ്കരാചാര്യരെ തൊടുന്നതിനിടയായി. ഇത് ശങ്കരാചാര്യരെ കുപിതനാക്കി. "ഞാൻ കുളിച്ചിട്ട് വരികയാണ്, നീ എന്നെ സ്പർശിച്ചിരിക്കുന്നു ഇപ്പോൾ! നീ അസ്പൃശ്യനുമാണ്. നീയെന്തിനാണ് എന്നെ തൊട്ടത്?"

"ചണ്ഡാലൻ പറയാനാരംഭിച്ചു, 'അല്ലയോ മഹാത്മാവേ, ഞാൻ ആരെയാണ് സ്പർശിച്ചത്? താങ്കളെന്തിനാണ് എന്നോട് കോപിക്കുന്നത്? ഞാൻ താങ്കളുടെ ശരീരം മാത്രമാണ് സ്പർശിച്ചത്. താങ്കൾ ശരീരമല്ലതാനും. താങ്കളുടെ ശരീരവും എന്റെ ശരീരവും ഒന്നുത

ന്നെയാണ്. ആ ശരീരവും ഈ ശരീരവും നശ്വരമാണ്. അവ താമസമില്ലാതെ നശിച്ചുപോവും. ഒരു ദിനം അവ അപ്രത്യക്ഷമാവും. താങ്കൾ എന്തിനാണ് ഈ ശരീരത്തെക്കുറിച്ച് വേവലാതിപ്പെടുന്നത്? ഞാൻ താങ്കളുടെ ആത്മാവിലാണോ സ്പർശിച്ചത്? താങ്കളുടെ ആത്മാവിലാണ് ഞാൻ സ്പർശിച്ചതെങ്കിൽ, താങ്കളുടെ ഉള്ളിലെ യഥാർത്ഥ ആത്മാവും എന്നിലെ ആത്മാവും ഒന്നുതന്നെ. അതുകൊണ്ട്, എന്താണ് തെറ്റ്?"

"അപ്പോൾ ശങ്കരാചാര്യർക്ക് മനസ്സിലായി, യമധർമ്മരാജനാണ്, മരണദേവനാണ്, ചണ്ഡാലവേഷത്തിൽ തന്നെ ഒരു പാഠം പഠിപ്പിക്കാനായി വന്നതെന്ന്. അതുകൊണ്ട്, അദ്ദേഹം ആ പാദങ്ങളിൽ നമസ്കരിക്കുകയുണ്ടായി."

## ഗുരുവിനെ പിന്തുടരുക, പിശാചിനെ നേരിടുക, അന്ത്യംവരെ പോരാടുക, കളി അവസാനിപ്പിക്കുക

**(FOLLOW THE MASTER, FACE THE DEVIL, FIGHT TILL THE END, FINISH THE GAME)**

അവസാനത്തെ ഉപാഖ്യാനം ഇതായിരുന്നു:

ഒരു കുട്ടി മുമ്പിലായി നടക്കുന്നു, മറ്റൊരു കുട്ടി അവനെ പിന്തുടരുന്നു. മൂന്നാമതൊരു കുട്ടി ഏതോ രാക്ഷസനോട് യുദ്ധം ചെയ്യുന്നതുമാതിരി അഭിനയിക്കുന്നു. ഇനിയുമൊരു കുട്ടി കളിക്കുന്നതായി നടിക്കുന്നു. ഒടുവിൽ, അവസാനത്തെ കുട്ടി സ്വസ്ഥനായി ഇരുന്ന് ചിരിക്കാൻ തുടങ്ങുന്നു.

"എന്താണിതിന്റെ സന്ദേശം?"

എല്ലാവരും അവരുടെ കൈകൾ പൊക്കി, പക്ഷേ ഉത്തരം നൽകാനായി ഒരു കുട്ടി ക്ഷണിക്കപ്പെട്ടു.

"ഒരു കുട്ടി മറ്റൊരു കുട്ടിയുടെ മുമ്പിലായി, അവനെ വിശ്സ്തതയോടെ പിന്തുടർന്ന് നടക്കുന്നു എന്നത് ഭഗവാന്റെ സന്ദേശം സൂചിപ്പിക്കുന്നു: '**ഗുരുവിനെ പിന്തുടരുക**'(Follow the Master)."

"രണ്ടാമതായി, രാക്ഷസനോട് യുദ്ധം ചെയ്യുന്നതുമാതിരി അഭിനയിച്ച കുട്ടി പകരുന്ന സന്ദേശം ഇതാണ്: '**പിശാചിനെ നേരിടുക**'(Face the devil)".

"മൂന്നാമതായി, കളിക്കുന്നതായി നടിക്കുന്ന കുട്ടി തരുന്ന സന്ദേശം, '**അവസാനം വരെ പൊരുതുക**'(Fight till the end) എന്നതാണ് ".

"അവസാനമായി, സ്വസ്ഥനായി ഇരിക്കുന്ന കുട്ടി സൂചിപ്പിക്കുന്നത്, '**കളി മുഴുമിക്കുക**'(Finish the game) എന്നതാണ്".

“അങ്ങനെ, **ഗുരുവിനെ പിന്തുടരുക, പിശാചിനെ നേരിടുക, അവസാനം വരെ പൊരുതുക, കളി മുഴുമിക്കുക**(Follow the master, Face the devil, Fight till the end, and Finish the game), ബാബയുടെ ഈ നാല് സന്ദേശങ്ങളാണ് ഈ നാടകത്തിൽ വിവരിക്കപ്പെടുന്നത്.”




ഇത്തരത്തിലുള്ള ഒരു പരിപാടി അരങ്ങേറുന്നത് ഇതാദ്യമായിട്ടാണ്, ഇതു കണ്ടിട്ട് ഞങ്ങൾ വളരെ സന്തോഷവാന്മാരായിരുന്നു. ഇതിനെ നമ്മൾ മൂകമായ പരിഹാസ്യാഭിനയം(dumb charades)എന്നാണ് വിളിക്കാറ്. ഇതിൽ അവർ മൂകരാണ്, ഒന്നും മിണ്ടില്ല. ആംഗ്യങ്ങളും നിലകളും മാത്രം കൊണ്ട് അവരഭിനയിച്ചുകാണിക്കുന്നത് എന്തെന്ന് സദസ്യർക്ക് തിരിച്ചറിയാനാവണം. എല്ലാവരും ഇത് ആസ്വദിക്കുകയുണ്ടായി, ഭഗവാൻ ശ്രീ സത്യസായി ബാബ ഉൾപ്പടെ.

## ശിവനെ കാണാനില്ല

അടുത്ത പ്രോഗ്രാം 2004 മാർച്ച് 1-ന് അവതരിപ്പിക്കപ്പെട്ടതാണ്. അത് ഏറെക്കുറെ, നിറയെ ഭഗവാൻ രചിച്ച ഗാനങ്ങളും കവിതകളും ഉള്ള ഒരു സാഹിത്യപരിപാടിയായിരുന്നു. സ്വാമി

വിദ്യാർത്ഥി അഭിനേതാക്കളെ നിരീക്ഷിക്കുന്നത് നിങ്ങൾ കാണേണ്ടതായിരുന്നു. ഈശ്വരനുപോലും അവിടുത്തേതായ വികാരങ്ങളും ഭാവങ്ങളും ഉണ്ട്! അവിടുന്ന് അൻപത് കൊല്ലങ്ങൾക്കുമുമ്പ് രചിച്ച എല്ലാ കവിതകളും തിരുമുമ്പിൽ ആവർത്തിക്കുമ്പോൾ, സ്വാഭാവികമായും അവിടുന്ന് സന്തോഷവാനായിരുന്നു. മാനവരൂപത്തിലുള്ള ഈശ്വരൻ സന്തോഷവാനാവണം! ആ ദിവസം അവിടുന്ന് സന്തോഷവാനായിരുന്നു, അവർ പറഞ്ഞ ഓരോ വാക്കും കണ്ടിട്ടും കേട്ടിട്ടും.

സ്കിറ്റിൽ, ആദ്യസീൻ ഒരു ഓപ്പൺ കോർട്ടാണ് അവതരിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് മേക്കപ്പ് ഉണ്ടായിരുന്നില്ല, അവർ വെള്ള ഷർട്ടും വെള്ള പാന്റ്സുമാണ് അിഞ്ഞിരുന്നത്. ഒരു വിദ്യാർത്ഥി ഒരു കസേരയിൽ ഇരിക്കുന്നു. അത് ഇന്ദ്രൻ, ദേവരാജൻ ആണെന്ന് ഞങ്ങൾക്ക് മനസ്സിലായി. മറ്റൊരു കുട്ടി വന്നു, അത് നാരദൻ ആണെന്ന് ഞങ്ങൾക്കു മനസ്സിലായി. അവൻ ഇന്ദ്രന്റെ സമീപത്തുവന്നിട്ട് പറഞ്ഞു, "അല്ലയോ പ്രഭോ, സ്വർഗത്തിൽ ആകെ പരിഭ്രമമാണ് ഇപ്പോൾ, ആശയക്കുഴപ്പമാണ്."

ഇന്ദ്രൻ നാരദരോട് ചോദിച്ചു, "എന്താണ് കുഴപ്പം?"

"സ്വാമീ, ഞാനെന്തു പറയാനാണ്? ഒന്നാമതായി, ബ്രഹ്മാവിന്റെ താമരപ്പൂക്കൾ അപ്രത്യക്ഷമായിരിക്കുന്നു. അതുകൊണ്ട്, ബ്രഹ്മാവ് തെരുവുകളിൽ അലയുകയാണ്. അദ്ദേഹം വളരെ ആധിയിലാണ്. കൂടാതെ, പഞ്ചമൂലകങ്ങളിൽ രണ്ടെണ്ണം നഷ്ടമായിരിക്കുന്നു. അഗ്നി ഇല്ല. മേഘങ്ങളും ഇല്ല. വരുണദേവനെ കാണാനില്ല, അഗ്നിദേവനും ഇല്ല. എല്ലാ കാര്യങ്ങളും കുഴഞ്ഞതുപോലെ കാണപ്പെടുന്നു. അല്ലയോ ഇന്ദ്രാ, ഇതിൽ കൂടുതൽ ഞാനെന്തു പറയാനാണ് അങ്ങയോട്? ശിവഭഗവാനും അപ്രത്യക്ഷനായിരിക്കുന്നു! എന്താണ് ചെയ്യുക! ആകെ ആശയക്കുഴപ്പമാണ്. മേരുപർവതം, സ്വർണത്തിന്റെ, സമ്പത്തിന്റെ ആ പർവതവും പൊയ്പോയിരിക്കുന്നു, സ്വാമീ! ഞങ്ങളെല്ലാവരും ആശയക്കുഴപ്പത്തിലാണ്. എന്തു ചെയ്യണമെന്ന് ഞങ്ങൾക്കറിയില്ല!"

അപ്പോൾ ഇന്ദ്രൻ കരുതി, താനും ഒരു ദിവസം അപ്രത്യക്ഷനാവും. ബ്രഹ്മാവിന് താമരപ്പൂക്കൾ നഷ്ടമായ സ്ഥിതിക്ക്, മേഘങ്ങൾ പൊയ്പോയ നിലയ്ക്ക്, ശിവൻ അപ്രത്യക്ഷനായ സ്ഥിതിക്ക്, അഗ്നിദേവൻ പോയ നിലയ്ക്ക്, മേരുപർവതം പോയ നിലയ്ക്ക്, ഇന്ദ്രനും ഒരു ദിവസം പൊയ്പോവും. എന്തു ചെയ്യും?

നാരദർ പറഞ്ഞു, "അല്ലയോ ഇന്ദ്രാ, പരിഭ്രമിക്കേണ്ട. നാം ഇരുവരും മഹാവിഷ്ണുവിന്റെ അടുത്തുചെന്ന് എന്തെങ്കിലും പരിഹാരത്തിനായി, കാണാതായവരുടെ വിലാസത്തിനായി, നഷ്ടമായ സാധനങ്ങൾ വീണ്ടെടുക്കുന്നതിനായി, പ്രാർത്ഥിക്കാം."



ഭഗവാൻ ലിംഗോത്ഭവത്തിനു ശേഷം ശിവലിംഗവുമായി

അങ്ങനെ അവരിരുവരുംകൂടി വിഷ്ണുവിന്റെ അടുത്തുചെന്ന് അവിടുന്നിനോട് പ്രാർത്ഥിച്ചു. "ഹേ പ്രഭോ, ഇതാണ് സംഭവിച്ചത്. എന്തു ചെയ്യണമെന്ന് ദയവായി ഞങ്ങളോട് അരുളിയാലും."

"ഇവിടെ നോക്കൂ, നിങ്ങൾ പറഞ്ഞത് ശിവനെ കാണാനില്ല എന്നാണ്. അല്ല, അല്ല. അവിടുന്ന് ഭൂമിയിൽ, ഭഗവാൻ ശ്രീ സത്യസായി ബാബയുടെ രൂപമെടുത്ത്, പുട്ടപർത്തിയിൽ

വസിക്കുന്നു. അവിടുന്ന് തന്റെ വിലാസം മാറ്റിയിരിക്കുന്നു എന്നേയുള്ളൂ. അവിടുന്ന് പുട്ട പർത്തിയിലുണ്ട്, അതുകൊണ്ട് പേടിക്കേണ്ടതില്ല. നിങ്ങൾ പറഞ്ഞത് ബ്രഹ്മാവിന് തന്റെ താമ



രപ്പൂക്കൾ നഷ്ടമായി എന്നാണ്. അദ്ദേഹത്തോട് പരിഭ്രമിക്കേണ്ടെന്നു പറയൂ, ആ താമരപ്പൂക്കൾ ഭഗവാൻ ശ്രീ സത്യസായി ബാബ യുടെ നയനങ്ങളായിത്തീർന്നിരിക്കുന്നു. മേരുപർവതം കാണാ തായി എന്ന് നിങ്ങൾ പറഞ്ഞു, പരിഭ്രമിക്കേണ്ട, മേരുപർവതം വലിപ്പം കുറച്ച് സത്യസായി ബാബയുടെ കവിളത്തെ ചെറിയ മറു കായി തീർന്നിരിക്കുന്നു. ഇതിലും പരിഭ്രമിക്കേണ്ടതില്ല. അഗ്നിക്ക് അതിന്റെ ജ്വലനശേഷി നഷ്ടമായിട്ട്, ഭഗവാന്റെ ചെമന്ന അങ്കിയാ യിത്തീർന്നിരിക്കുകയാണ്. അഗ്നിക്ക് ചെമന്ന നിറമാണല്ലോ. അവിടുന്ന് അണിഞ്ഞിരിക്കുന്ന, തിരുശരീരത്തിലെ ചെമന്ന അങ്കി അതേ അഗ്നിദേവനാണ്; അതെക്കുറിച്ചും ആശങ്ക വേണ്ട. പൊയ്പോയ മേഘങ്ങളെക്കുറിച്ച് നിങ്ങൾ വളരെ ആശങ്കാകുലരാ ണെന്നു തോന്നുന്നു, പേടിക്കേണ്ടതില്ല. അവിടുത്തെ മുടിച്ചാർത്ത് മേഘങ്ങളെ പ്രതിനിധീകരിക്കുന്നു. അതുകൊണ്ട്, ഭഗവാൻ ശിവൻ ഭഗവാൻ ശ്രീ സത്യസായി ബാബതന്നെ. അവിടുത്തെ തിരുനയ നങ്ങൾ താമരപ്പൂക്കളാണ്. മേഘങ്ങൾ അവിടുത്തെ മുടി ച്ചാർത്താണ്. അഗ്നി അവിടുന്നണിഞ്ഞിരിക്കുന്ന വസനമാണ്. പരിഭ്രമിക്കേണ്ട. ആരും തന്നെ പോയിട്ടില്ല. എല്ലാവരും ഭൂമി യിൽ, പുട്ടപർത്തിയിലേക്ക് മാറിയിരിക്കുകയാണ്."

എല്ലാവർക്കും ഇത് വളരെ ഇഷ്ടമായി.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)